'194482/2022 Received in Appeal at 04:01 pm on 16/08/2022

11542
17/08/2022

File No. CT/6527/2022-C9

12/08/22

സംസ്ഥാന നികുതി കമ്മീഷണറുടെ കാര്യാലയം

KERALA GST State Goods & Services Tax

കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ടാക്സ് ടവേഴ്സ്, കരമന, തിരുവനന്തപുരം

ഇ-മെയിൽ csectioncct.ctd@kerala.gov.in

ഫോൺ:0471 2785230

തീയതി : 11-08-2022

പ്രേക്ഷിതൻ

സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് കമ്മീഷണർ

16/8

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ വകുപ്പ്

(ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് & എൻജിനീയറിങ്

വിങ്ങ്), സ്വരാജ് ഭവൻ , അഞ്ചാം നില

നന്തൻകോട്, കവടിയാർ, തിരുവനന്തപുരം

സർ ,

വിഷയം : സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് - പൊതുമരാമത്ത

പ്രവർത്തികൾക്ക് ഉയർന്ന ജി എസ് ടി നിരക്ക്

ഈടാക്കുന്നതിന് വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.

17/8

സൂചന : തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29.07.2022

ലെ DB3/9058/2017/CE A SGD നമ്പർ കത്ത്

ജി എസ് ടി നിയമ പ്രകാരം സർവീസ് മേഖലയിൽ നികുതി ബാധ്യത ഉണ്ടാകുന്നതു വകുപ്പ് 13 പ്രകാരമുള്ള സപ്ലൈ കളുടെ സമയത്തെ അടിസ്ഥാനമാക്കിയാണ്. നികുതി നിരക്കിൽ മാറ്റങ്ങൾ ഉണ്ടാകുന്ന പക്ഷം ചരക്കുകളുടെയും സേവനങ്ങളുടെയും സപ്ലൈ കളുടെ സമയം തീരുമാനിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ചരക്ക സേവന നികുതി നിയമം വകുപ്പ് 1 4 ൽ വിശദീകരിക്കുന്നുണ്ട്.

ഇതനുസരിച്ച് സൂചനപ്രകാരം ആവശ്യപ്പെട്ടിരിക്കുന്ന വിഷയങ്ങളിൽ താഴെ പറയുന്ന പ്രകാരം വ്യക്തത നൽകിയിരിക്കുന്നു.

1. 2022 ജൂലൈ 18 ന മുൻപ് 12% GST വകയിരുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഏറ്റെടുത്തതും എന്നാൽ ഇതുവരെ നിർവഹണം ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ അധിക GST ബാധ്യത.

-ബാധകമായ നികുതി നിരക്ക് 18%

2. 2022 ജൂലൈ 18 ന മുൻപ് 12% GST വകയിരുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഏറ്റെടുത്തതും എന്നാൽ നിർവഹണം ആരംഭിച്ചതുമായ പ്രവൃത്തികളുടെ അധിക GST ബാധ്യത

- ബാധകമായ നികുതി നിരക്ക് 18%

3. 2022 ജൂലൈ 18 ന മുൻപ് 12% GST വകയിരുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഏറ്റെടുത്ത്, 2022 ജൂലൈ 1 8 ന മുൻപ് തന്നെ മുഴുവനായും നിർവഹണം പൂർത്തിയാക്കിയതും മെഷർമെൻറ് എഴുതിയതും എന്നാൽ ബില്ല് തയ്യാറാക്കാത്തതുമായ പ്രവൃത്തികളുടെ അധിക GST ബാധ്യത

- ബാധകമായ നികുതി നിരക്ക് 18%

4. 2022 ജൂലൈ 18 ന മുൻപ് 12% GST വകയിരുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഏറ്റെടുത്ത്, 2022 ജൂലൈ 1 8 ന മുൻപ് തന്നെ മുഴുവനായും നിർവഹണം പൂർത്തിയാക്കിയതും മെഷർമെൻറ് എഴുതിയതും എന്നാൽ എസ്റ്റിമേറ്റ് റിവിഷൻ അപ്രൂവ് ആകാത്തതിനാൽ ബില്ല് തയ്യാറാക്കാത്തതുമായ പ്രവൃത്തികളുടെ അധിക GST ബാധ്യത

- ബാധകമായ നികുതി നിരക്ക് 18%

5. 2022 ജൂലൈ 18 ന മുൻപ് 12% GST വകയിരുത്തി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ഏറ്റെടുത്ത്, ഭാഗികമായി നിർവഹണം പൂർത്തിയാക്കിയതും ആയതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ബില്ല് തയ്യാറാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ അധിക GST ബാധ്യത

-ബാധകമായ നികുതി നിരക്ക് 18%

18.07.2022 ന മുൻപ് പൂർത്തിയാക്കിയ പ്രവൃത്തികളിൽ ഇൻവോയ്സ് തീയതിയും പേയ്മെന്റ് തീയതിയും 18.07.2022 ന ശേഷമാണ് വരുന്നതെങ്കിൽ പുതുക്കിയ ഉയർന്ന നികുതി നിരക്ക്(18%) ബാധകമാണ്. ഇത് 6 % നികുതി അധികമായി കരാറുകാരന് നൽകേണ്ട ബാധ്യത സർക്കാരിന് ഉണ്ടാക്കുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി '18.07.2022 ന മുൻപ് പൂർത്തിയാക്കിയ പ്രവൃത്തികളിൽ ഇൻവോയ്സ് തീയതികൾ 18.07.2022 ന മുൻപ് തന്നെ ആയിരിക്കണം' എന്നുള്ള ഭരണപരമായ നിബന്ധന തദ്ദേശ സ്വയംഭരണ വകുപ്പിന് പുറപ്പെടുവിക്കാവുന്നതാണ്. ഇതിലൂടെ ചരക്ക സേവന നികതി നിയമങ്ങൾക്ക വിധേയമായി സർക്കാരിന് അധിക ബാധ്യത ഒഴിവാക്കാൻ സാധിക്കും.

വിശ്വസ്തതയോടെ,

**Signed by Madhu.k**
**Date: 11-08-2022 11:00:03**
ADDITIONAL COMMISSIONER(GENERAL)
കമ്മീഷണർക്കു വേണ്ടി